**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ – കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്ക് - 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 342/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 06/02/2017

പരാമർശം :
1) 22/09/2015 ലെ സ.ഉ.(സാധാ) നം.2882/2015/തസ്വഭവ.
2) 03/08/2016 ലെ സ.ഉ.(സാധാ) നം.2344/2016/തസ്വഭവ.
3) കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 22/12/2016 ലെ 12-ാം നമ്പർ തീരുമാനം.
4) കളമശ്ശേരി നഗരസഭാ ചെയർപേഴ്സണന്റെ 06/02/2017 ലെ എച്ച്-4403/15 നമ്പർ കത്ത്.

**ഉത്തരവ്**

കളമശ്ശേരി നഗരസഭയുടെ പരിധിയിൽ വരുന്ന കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പാർക്ക് സംരക്ഷിക്കുന്നതിനുമായി 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ഇവരുടെ കാലാവധി അവസാനിച്ചതിനാൽ രണ്ടാമത് പരാമർശിച്ച ഉത്തരവ് പ്രകാരം 21/06/2016 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി ഉത്തരവിന്റെയും കാലാവധി 21/12/2016 ൽ അവസാനിച്ച സാഹചര്യത്തിൽ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരമുള്ള കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം നഗരസഭാ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ ചെയർപേഴ്സണന്റെ കത്തും പരിഗണിച്ച്, പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ കാലാവധി

21/12/2016 ൽ അവസാനിച്ചതിനാൽ, 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 15 ജീവനക്കാരെ തുടർന്നും 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽപ്പറഞ്ഞതിനാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അബ്ദുൽ കലാം.എം.**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി നഗരസഭ
ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ